# പതിനാലാം കേരള നിയമസഭ

## പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2616 | 13.03.2020 ൽ മറുപടിക്ക്

## നിർമ്മാണം പൂർത്തിയായ പാലങ്ങൾ

| ചോദ്യം<br>ശ്രീ.അൻവർ സാദത്ത് | മറുപടി<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) മുൻ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് പുതുതായി എത്ര പാലങ്ങളുടെ പണിയാണ് പൂർത്തിയാക്കിയത്; അതിനായി ആകെ എന്ത് തുക ചെലവഴിച്ചു; | (എ) മുൻ സർക്കാരിന്റെ കാലത്ത് പൊതുമരാമത്ത് വകുപ്പ് പാലങ്ങൾ വിഭാഗത്തിന്റെ കീഴിൽ 144 പാലങ്ങളുടെ പണിയാണ് പൂർത്തിയാക്കിയത്. അതിനായി ആകെ 953.86 കോടി രൂപ ചെലവഴിച്ചു. പൊതുമരാമത്ത് വകുപ്പ് ദേശീയപാതാ വിഭാഗത്തിന്റെ കീഴിൽ 97 കോടി രൂപാ ചെലവിൽ 4 പാലങ്ങളുടെ പണിയും പൂർത്തിയാക്കിയിട്ടുണ്ട്. |
| (ബി) ഈ സർക്കാരിന്റെ കാലത്ത് പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ ഇതിനകം എത്ര പാലങ്ങളുടെ നിർമ്മാണം പൂർത്തിയായി എന്നും അതിനായി ആകെ എന്ത് തുക ചെലവഴിച്ചു എന്നും അറിയിക്കാമോ? | (ബി) ഈ സർക്കാരിന്റെ കാലത്ത് പൊതുമരാമത്ത് പാലം വിഭാഗത്തിന്റെ കീഴിൽ 71 പാലങ്ങളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. അതിനായി ആകെ 625.96 കോടി രൂപ ചെലവഴിച്ചു. പൊതുമരാമത്ത് വകുപ്പ് ദേശീയപാതാ വിഭാഗത്തിന്റെ കീഴിൽ 16.20 കോടി രൂപ ചെലവിൽ 5 പാലങ്ങളുടെ പണിയും പൂർത്തിയായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ